❑ വിലനിലവാരം

സ്വർണ വില താഴ്ന്നു

● കൊച്ചി
● വെളിച്ചെണ്ണ

മില്ലിങ്	14,300
വെളിച്ചെണ്ണ	13,800
കൊപ്ര	9300-9500
● കുരുമുളക്	
പുതിയത്	52300
അൺഗാർബിൾഡ്	53300
ഗാർബിൾഡ്	55300
● പിസ്റ്റാക്ക്	
എക്സ്പെല്ലർ	2800
റോട്ടറി	3100
● ചുക്ക്	
മീഡിയം	34,000
ബെസ്റ്റ്	36,000
● മഞ്ഞൾ	
നാടൻ	15,000
സേലം	17,000
കാഞ്ഞിരക്കുരു	1850
അടയ്ക്ക	35,000
പഞ്ചസാര	4120
മുളക്	27,500
ഉഴുന്ന്	10,900-11,600
ചെറുപയർ	10,300-11,800
കടല	6300-9000
മുതിര	7500
എള്ള്	20,000
മല്ലി	7800-9200
പച്ചരി നമ്പർ 1	14600
പുഴുക്കലരി (ജയ)	4200
● ജാതിക്ക	
തൊണ്ടൻ	220-250
തൊണ്ടില്ലാത്തത്	420-450
പത്രി ചുവപ്പ്	1000-1300
ഫ്ളവർ ചുവപ്പ്	1200-1500
ഫ്ളവർ മഞ്ഞ	1300-1500
● കാലടി വിപണി	
ജാതിക്ക തൊണ്ടൻ	220-250
തൊണ്ടില്ലാത്തത്	420-450
പത്രിചുവപ്പ്	1000-1300
ഫ്ളവർ ചുവപ്പ് മഞ്ഞ	1200-1500
ഗ്രാമ്പൂ	930-1000
സ്വർണം പവൻ	46,000
സ്വർണം ഗ്രാം	5750
● സ്വർണം അവധി	
ഏപ്രിൽ	461990
ജൂൺ	462357

റബർ ബോർഡ്

● കോട്ടയം	
ആർ.എസ്.എസ്.4	16600
ആർ.എസ്.എസ്.5	16200
ഐ.എസ്.എൻ.ആർ-20	14600
ലാറ്റക്സ് 60%	12045
● കൊച്ചി	
ആർ.എസ്.എസ്.4	16,600
ആർ.എസ്.എസ്.5	16,300

● തൃശൂർ മാർക്കറ്റ്
വെളിച്ചെണ്ണ 14700
കൊപ്ര 9400
നാളികേരം 2950
തേങ്ങാപിണ്ണാക്ക് 2850
നല്ലെണ്ണ 3200
കടലയെണ്ണ 3200
എള്ളുപിണ്ണാക്ക് 4800
കുരുമുളക് 48500
സ്വർണം 5750
അമല
അടയ്ക്ക-ഇല്ല

താത്കാലിക ഷെഡിൽനിന്നും ഒഴിപ്പിക്കുന്നതിനിടെ ഊരുമൂപ്പന് മർദനമേറ്റതായി പരാതി

ചാലക്കുടി: താത്കാലിക ഷെഡിൽ നിന്നും ഒഴിപ്പിക്കുന്നതിനിടെ ഊരുമൂപ്പന് മർദനമേറ്റതായി പരാതി. മർദനമേറ്റ വീരാൻകുടി കോളനിയിലെ ഊരുമൂപ്പൻ വീര(80)നെ ചാലക്കുടി താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഉരുൾപൊട്ടൽ ഭീഷണിയെ തുടർന്ന് രണ്ട് വർഷം മുമ്പ് വീരാൻകുടി കോളനിയിലെ 9 കുടുംബങ്ങളെ ഇവിടെ നിന്നും മാറ്റിയിരുന്നു.

മഴക്കാലത്ത് ഇവർക്ക് മലക്കപ്പാറ കമ്മ്യൂണിറ്റി ഹാളിൽ താമസമൊരുക്കുകയും മഴ മാറുന്നതോടെ ഇവിടെ നിന്നും പറഞ്ഞുവിടുകയുമാണ് പതിവ്. ഇവർക്ക് സ്ഥിരതാമസിത്തിനായി ഭൂമി നല്കാമെന്ന് ജില്ലാ ഭരണകൂടം ഉറപ്പ് നല്കിയിരുന്നു. എന്നാൽ ആ ഉറപ്പ് പാലിക്കപ്പെട്ടിട്ടില്ല. ഇതേത്തുടർന്നാണ് ഇവർ ഞണ്ടിചുക്കാൻപാറയിൽ രണ്ടാഴ്ച മുമ്പ് ഷെഡ് കെട്ടി താമസം മാറ്റിയത്. ഇവിടെ നിന്നും ഒഴിഞ്ഞ് പോകണമെന്ന് വനംവകുപ്പ് ഉദ്യോഗസ്ഥർ വെള്ളിയാഴ്ച സ്ഥലത്തെത്തി ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഒഴിഞ്ഞുപോകാൻ ഇവർ തയാറായില്ല. ഇത് സംബന്ധിച്ച തർക്കം വാക്കേറ്റത്തിലും ഊന്തുതള്ളലിലും കലാശിച്ചു. ഇതിനിടയിലാണ് ഊരുമൂപ്പന് മർദനമേറ്റത്.

▪ മർദനമേറ്റ ഊരുമൂപ്പൻ വീരൻ.

സംഭവത്തിൽ സർക്കാർ അടിയന്തരമായി ഇടപെടണമെന്ന് സി.പി.എം. അതിരപ്പിള്ളി ലോക്കൽ കമ്മിറ്റി ആവശ്യപ്പെട്ടു.

കേരള പടന്ന മഹാസഭ സംസ്ഥാന സമ്മേളനം

തൃശൂർ: കേരള പടന്ന മഹാസഭ സംസ്ഥാന സമ്മേളനം 25നു തൃശൂരിൽ നടക്കുമെന്ന് ഭാരവാഹികൾ പത്രസമ്മേളനത്തിൽ പറഞ്ഞു. രാവിലെ ഒമ്പതു മുതൽ ഉച്ചയ്ക്ക് ഒന്നുവരെ ബാലഭവനിൽ നടക്കുന്ന പ്രതിനിധി സമ്മേളനം ടി.വി. ശിവരാമൻ ഉദ്ഘാടനം ചെയ്യും.

ഉച്ചയ്ക്ക് രണ്ടുമുതൽ വൈകിട്ട് അഞ്ചുവരെ സാഹിത്യഅക്കാദമിയിൽ നടക്കുന്ന സംസ്ഥാന സമ്മേളനം ടി.എൻ. പ്രതാപൻ എം.പി. ഉദ്ഘാടനം ചെയ്യും. സമഗ്രജാതി സെൻസസ്, സ്വകാര്യ, എയ്ഡഡ് നിയമനം തുടങ്ങിയ പ്രശ്നങ്ങൾ ചർച്ച ചെയ്യും. പത്രസമ്മേളനത്തിൽ അഡ്ഹോക് കമ്മിറ്റി ചെയർമാൻ ടി.വി. ശിവരാമൻ, ഭാരവാഹികളായ സി.വി. മണി, സി.എം. രാധാകൃഷ്ണൻ, കെ.കെ. രാമൻ, സന്തോഷ് മുല്ല എന്നിവർ പങ്കെടുത്തു.

7 വർഷം കൊണ്ട് തൃശൂർ ജില്ലയിൽ ബാറുകൾ വർധിച്ചത് 106 മടങ്ങ്

തൃശൂർ: ഞങ്ങൾ തുറക്കുന്നത് ബാറുകളല്ല, സ്കൂളുകളായിരിക്കുമെന്നും നിലവിലുള്ളതിൽ കൂടുതലായി ഒരു തുള്ളി മദ്യം പോലും ഞങ്ങൾ വിൽക്കില്ല എന്നും ഉറപ്പുനൽകിയ എൽ.ഡി.എഫിന്റെ ഏഴു വർഷത്തെ ഭരണത്തിനിടെ ജില്ലയിൽ ബാറുകളുടെ എണ്ണം 106 മടങ്ങ് വർധിച്ചെന്ന് മദ്യനിരോധന സമിതി സംസ്ഥാന ജന. സെക്രട്ടറി പ്രഫ. വിൻസെന്റ് മാളിയേക്കൽ കുറ്റപ്പെടുത്തി. കേരളത്തെ മദ്യത്തിൽ മുക്കുന്ന സർക്കാർ നയത്തിനെതിരെ മദ്യനിരോധന സമിതി സംസ്ഥാന കമ്മിറ്റി മലപ്പുറം കലക്ടറേറ്റിന് മുന്നിൽ അഞ്ച് മാസമായി തുടരുന്ന സത്യഗ്രഹത്തിന് ഐക്യദാർഢ്യം അറിയിച്ച് തൃശൂർ താലൂക്ക് കമ്മിറ്റി മണ്ണുത്തിയിൽ നടത്തിയ ധർണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മദ്യനിരോധന സമിതി ജില്ലാ പ്രസിഡന്റ് ആന്റണി പന്തല്ലുക്കാരൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഈപ്പൻ കരിയാറ്റിൽ, കൗൺസിലർ ലീല, സത്യഭാമ, പി.എം. ഹബീബുള്ള, കെ.എ. ഗോവിന്ദൻ, ബ്രദർ ജോൺകുട്ടി, ബേബി പുതുശേരി, സജീവൻ നടത്തറ എന്നിവർ പ്രസംഗിച്ചു.

മാംസ വ്യാപാര സ്ഥാപനം അടച്ചുപൂട്ടി സീൽ ചെയ്തു

ചാവക്കാട്: നഗരസഭ ഏഴാം വാർഡിൽ ലൈസൻസ് പുതുക്കാതെ പ്രവർത്തിച്ചിരുന്ന മാംസ വ്യാപാര സ്ഥാപനം നഗരസഭ അധികൃതർ അടച്ചുപൂട്ടി സീൽ ചെയ്തു. കേച്ചേരി മണലി പുതുവീട്ടിൽ റഫീഖിന്റെ മാംസ വ്യാപാര സ്ഥാപനമായ മാണിക്യത്തിന്റെയാണ് നഗരസഭ സെക്രട്ടറിയുടെ ഉത്തരവ് പ്രകാരം ആരോഗ്യ വിഭാഗം അടച്ചുപൂട്ടി സീൽ ചെയ്തത്.ആരോഗ്യ വിഭാഗം മേധാവി സിറ്റി മാനേജർ അഞ്ജു കെ. തമ്പി, സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ സി.എം. ആസിയ, പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർമാരായ പി.ടി. ബിജി, വി.എസ്.കവിത, പി.കെ. ശിവപ്രസാദ്, ആർ. ഹരികൃഷ്ണൻ തുടങ്ങിയവർ പരിശോധന നടത്തിലുണ്ടായിരുന്നു. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ വരുംദിവസങ്ങളിലും കർശന നടപടി സ്വീകരിക്കുമെന്ന് നഗരസഭ സെക്രട്ടറി എം.എസ്. ആകാശ് അറിയിച്ചു.

മറവി മുക്ത അന്നമനടക്കായ് നിനവ് 2024

മാള: അന്നമനട പഞ്ചായത്തിലെ മുതിർന്ന പൗരൻമാരുടെ ആരോഗ്യകരവും സന്തോഷകരവുമായ ജീവിതം ഉറപ്പുവരുത്തുന്നതിനായി മാതൃക പ്രവർത്തനം സംഘടിപ്പിച്ചതിന് ഈ വർഷത്തെ വയോ സേവന അവാർഡിന് അർഹമായ പഞ്ചായത്താണ് അന്നമനട പഞ്ചായത്ത്. 50 വയസ് കഴിഞ്ഞ മുതിർന്ന പൗരൻമാർക്ക് ബാധിക്കുന്നതാണ് മറവിരോഗം അനമനടയിലെ മുതിർന്ന പൗരൻമാരിൽ മറവിയുള്ളവരെ കണ്ടെത്താൻ ആയുർവേദ ആശുപത്രി ഡോ. രേഖയുടെ നേതൃത്വത്തിൽ ചോദ്യാവലി തയാറാക്കി മുതിർന്ന പൗരൻമാരിൽ സ്ക്രീനിംഗ് നടത്തിയാണ് ചികിൽസയിലൂടെയും വ്യായാമത്തിലൂടെ പഞ്ചായത്ത് മറവിരോഗമുക്തമാക്കുന്നത്. ആയുർവേദ ഡോക്ടർമാരായ ഡോ. രേഖ, ഡോ. ബിജു ഡോ. അഖില ഫർസാന എന്നിവരുടെ നേതൃത്വത്തിലാണ് നിനവ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ ഉദ്ഘാടനം അന്നമനട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.വി. വിനോദ് നിർവഹിച്ചു. സ്ഥിര സമിതി പ്രസിഡന്റ് ടി.കെ. സനിശൻ അധ്യക്ഷത വഹിച്ചു. എ.കെ. ബൈജു, മജ്ജു സതീശൻ ഡോ. രേഖ, ഡോ. അഖില ഫർസാന ഐ , സി.ഡി.എസ്. സൂപ്പർവൈസർ സവിത സോന, പത്മനാഭൻ മാസ്റ്റർ പ്രസംഗിച്ചു.

പ്രതിഷ്ഠാദിനം ഭക്തിസാന്ദ്രമായി

ചാവക്കാട്: മണത്തല കാണിക്കോട്ട് രുദ്രമാല ഭഗവതി ക്ഷേത്രത്തിൽ പ്രതിഷ്ഠാ ദിനം ഭക്തിസാന്ദ്രമായി ആഘോഷിച്ചു. രാവിലെ മുതൽ ക്ഷേത്രത്തിൽ ഗണപതി ഹോമം, വിശേഷാൽ പൂജകൾ ഉണ്ടായിരുന്നു. ക്ഷേത്രം തന്ത്രി മുല്ലമംഗലം നാരായണ നമ്പൂതിരി മുഖ്യകാർമികത്വം വഹിച്ചു. വൈകിട്ട് പതിയരി ക്ഷേത്രത്തിൽനിന്നും താലം വരവ് ഉണ്ടായിരുന്നു. ക്ഷേത്ര ഭാരവാഹികളായ പ്രസിഡന്റ് കെ.ബി. മുരളി, സെക്രട്ടറി കെ.വി. പ്രസാദ്, ഖജാൻജി കെ.വി. രാജൻ നേതൃത്വം നൽകി.

ഭാരവാഹികളെ തെരഞ്ഞെടുത്തു

തൃശൂർ: കേരള അഡ്വർടൈസിങ് ഏജൻസീസ് അസോസിയേഷൻ തൃശൂർ ആൻഡ് പാലക്കാട് സോൺ 2024-26 ഭാരവാഹികളെ തെരഞ്ഞെടുത്തു. പി.എം. മുകുന്ദൻ (പ്രസിഡന്റ്), ജോസൻ തേറാട്ടിൽ (സെക്രട്ടറി), കെ.ആർ. ഉണ്ണിക്കൃഷ്ണൻ (ട്രഷറർ), സുനിൽ പി. (വൈ. പ്രസിഡന്റ്), കെ. ആർ. മധു (ജോ. സെക്രട്ടറി), സംസ്ഥാന കമ്മിറ്റിയംഗങ്ങളായി ജെയിംസ് വളപ്പില, ജോസ് വള്ളൂർ, റെജി ഐക്കുചുങ്കത്ത് എന്നിവരെയും ഷിജി എ, പി.എ. കബീർ, അരുൺ കെ. അരവിന്ദ് എന്നിവരെ എക്സിക്യൂട്ടീവ് അംഗങ്ങളായും തെരഞ്ഞെടുത്തു.സന്ദീപ് നായർ വരണാധികാരിയായിരുന്നു.

● പി.എം. മുകുന്ദൻ, ജോസൻ തേറാട്ടിൽ , പി.പി. ഉണ്ണിക്കൃഷ്ണൻ

▪ മലങ്കര ക്രെഡിറ്റ് സൊസൈറ്റി തിരുവനന്തപുരം നവീകരിച്ച ശാഖയുടെ ഉദ്ഘാടനം ഉള്ളൂരിൽ മുകേഷ് എം.എൽ.എ. നിർവഹിക്കുന്നു.

വെടിമരുന്ന്, പടക്ക സംഭരണശാലയ്ക്കെതിരേ വ്യാപക പ്രതിഷേധം

എരുമപ്പെട്ടി: കടങ്ങോട് പഞ്ചായത്തിലെ ചിറമനേങ്ങാട് കണലിപ്പാറപ്പുറത്ത് വെടിമരുന്ന് പടക്ക സംഭരണശാല ആരംഭിക്കാനുള്ള നീക്കത്തിനെതിരേ പ്രതിഷേധവുമായി നാട്ടുകാർ. ജനവാസ കേന്ദ്രത്തിന് സമീപം വെടിമരുന്ന് സംഭരണശാല പ്രവർത്തനം ആരംഭിക്കുന്നത് നാട്ടുകാരെ ഭീതിയിലാക്കിയിരിക്കുകയാണ്.

കടങ്ങോട് പഞ്ചായത്തിലെ രണ്ടാം വാർഡിൽ ഉൾപ്പെടുന്ന ചിറമനേങ്ങാട് ഭാഗത്ത് ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്തിന് നടുവിലുള്ള കണലിപ്പാറപ്പുറം എന്ന സ്ഥലത്താണ് കുന്നംകുളം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന പടക്ക നിർമാണ ഗ്രൂപ്പ് വെടിമരുന്ന് പടക്ക സംഭരണശാല ആരംഭിക്കുവാനുള്ള നീക്കം നടത്തുന്നത്. ഈ സ്ഥലം വിലയ്ക്ക് വാങ്ങിയാണ് വെടിമരുന്ന് സംഭരണശാല നിർമിക്കുന്നതെന്ന് നാട്ടുകാർ പറയുന്നു. കണലിപ്പാറപ്പുറത്തിന് 50 മീറ്റർ ദൂരത്തിൽ എഴുപതോളം വീടുകളും നൂറ് മീറ്റർ ദൂരത്തിൽ ഇരുന്നൂറോളം വീടുകളും സ്ഥിതിചെയ്യുന്നുണ്ട്. തൊട്ടടുത്ത് തന്നെ ക്ഷേത്രങ്ങളും കാവുകളും സ്ഥിതി ചെയ്യുന്നു. വാണിജ്യാവശ്യത്തിന് കെട്ടിടം നിർമിക്കാനെന്ന് കാണിച്ചാണ് പഞ്ചായത്തിൽനിന്ന് നിർമാണ അനുമതി വാങ്ങിയതെന്ന് അധികൃതർ പറയുന്നു. കെട്ടിടങ്ങളുടെ നിർമാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ദിവസം വാർഡ് മെംബറുടെ സാന്നിധ്യത്തിൽ നാട്ടുകാർ യോഗം ചേർന്ന് നിർമാണ പ്രവർത്തനങ്ങൾ തടയണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് അധികൃതർക്ക് നിവേദനം നൽകി. ഇതിന് പുറമെ ഒരേക്കർ വരുന്ന സ്ഥലത്ത് വൻതോതിൽ പാറ ഖനനം നടത്തിയിട്ടുണ്ട്. അനധികൃതമായി വെടിമരുന്ന് ഉപയോഗിച്ചാണ് പാറ ഖനനം നടത്തിയിട്ടുള്ളതെന്നും നാട്ടുകാർ പറയുന്നു.

ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കിന്റെ ഓപ്പറേഷൻസ് ഡിപ്പാർട്മെന്റിന് ഐ.എസ്.ഒ. അംഗീകാരം

കൊച്ചി: അന്താരാഷ്ട്ര നിലവാരം പുലർത്തുന്നതിനും ഗുണനിലവാരമുള്ള മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കിയതിനും ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കിന്റെ ഓപ്പറേഷൻസ് ഡിപ്പാർട്മെന്റിന് രാജ്യാന്തര അംഗീകാരമായ ഐ.എസ്.ഒ. 9001: 2015 സർട്ടിഫിക്കേഷൻ ലഭിച്ചു. ക്ലിയറിങ് ഓപ്പറേഷൻസ്, റെക്കോർഡ് മെയിന്റനൻസ്, ഡോക്യുമെന്റ് വെരിഫിക്കേഷനുകൾ, ഇൻഷുറൻസ് ക്ലെയിം സെറ്റിൽമെന്റുകൾ എന്നിവയിലുള്ള ഇസാഫിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തിയാണ് അംഗീകാരം നൽകിയത്.

ഉപഭോക്താക്കൾക്ക് ഏറ്റവും മികച്ച രീതിയിൽ സേവനമെത്തിക്കാനുള്ള ഇസാഫിന്റെ പ്രതിജ്ഞാബദ്ധതയ്ക്ക് ലഭിച്ച അംഗീകാരമാണ് ഈ നേട്ടമെന്ന് ഇസാഫ് ബാങ്ക് എം.ഡിയും സി.ഇ.ഒയുമായ കെ. പോൾ തോമസ് പറഞ്ഞു. എല്ലാ പ്രവർത്തന മേഖലകളിലും അന്താരാഷ്ട്ര മാനദണ്ഡങ്ങൾ പാലിക്കുന്നതിലും നിലവാരം ഉറപ്പാക്കുന്നതിനും ഇസാഫ് ഏറെ മുന്നിട്ട് നിൽക്കുന്നു, അദ്ദേഹം കൂട്ടിച്ചേർത്തു.

ഇന്റർനാഷണൽ ഓർഗനൈസേഷൻ ഫോർ സ്റ്റാൻഡേർഡൈസേഷൻ (ഐ.എസ്.ഒ) നിഷ്കർഷിച്ചിട്ടുള്ള മാനേജ്മെന്റ് ഗുണനിലവാര തത്വങ്ങൾ പാലിക്കുന്ന ധനകാര്യ സ്ഥാപനങ്ങളുടെ നേതൃത്വ ഗുണം, ഉപഭോക്തൃ സമ്പർക്കം, സേവനങ്ങൾ തുടങ്ങി വിവിധ ഘടകങ്ങൾ ഈ അംഗീകാരത്തിനായി വിലയിരുത്തപ്പെടും.

എൻ.ഐ.ടി.സിയുടെ 52-ാമത്തെ ശാഖ മാളയിൽ ഇന്നു പ്രവർത്തനമാരംഭിക്കും

തൃശൂർ: എൻ.ഐ.ടി.സിയുടെ അമ്പത്തിരണ്ടാമത്തെ ശാഖ മാളയിൽ ഇന്നു പ്രവർത്തനമാരംഭിക്കും. രാവിലെ 10ന് എൻ.ഐ.ടി.സി. ചെയർമാൻ രവീന്ദ്രൻ പാലങ്ങാട്ട്, എം.ഡി. കെ.പി. മനോജ്കുമാർ എന്നിവർ ചേർന്ന് ഉദ്ഘാടനം നിർവഹിക്കും. ഇതോടൊപ്പം പെരിങ്ങോട്ടുകര, ഒല്ലൂർ, ചെന്ത്രാപ്പിന്നി, പാലക്കാട് ടൗൺ, കോങ്ങാട് എന്നീ ബ്രാഞ്ചുകളുടെ ഉദ്ഘാടനം ഓൺലൈനായും നടത്തും. ചടങ്ങിൽ ഡയറക്ടർമാർ, വിശിഷ്ടവ്യക്തികൾ എന്നിവർ പങ്കെടുക്കും. ഇന്ന് ഉച്ചയ്ക്ക് 12ന് എൻ.ഐ.ടി.സിയുടെ അനുബന്ധ സ്ഥാപനങ്ങളായ 'ഭാരതി സൂപ്പർ മാർക്കറ്റ്' തൃശൂർ മിഷൻ ക്വാർട്ടേഴ്സ് റോഡിലും വൈകിട്ട് നാലിന് ക്യാരി ബാഗ് യൂണിറ്റ് തൃശൂർ പോട്ടോരിലും ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ ജനപ്രതിനിധികളും വിശിഷ്ട വ്യക്തികളും പങ്കെടുക്കും.

മലങ്കര ക്രെഡിറ്റ് സൊസൈറ്റി തിരുവനന്തപുരം ഉള്ളൂർ ബ്രാഞ്ച് ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം: മലങ്കര ക്രെഡിറ്റ് സൊസൈറ്റി തിരുവനന്തപുരം നവീകരിച്ച ശാഖയുടെ ഉദ്ഘാടനംഉള്ളൂരിൽ മുകേഷ് എം.എൽ.എ. നിർവഹിച്ചു. ഡയമണ്ട് ലോൺ സെക്ഷൻ ഉദ്ഘാടനം സിനിമാതാരം ആര്യ ബാബു നിർവഹിച്ചു. മലങ്കര ക്രെഡിറ്റ് സൊസൈറ്റി ചീഫ് ജനറൽ മാനേജർ രമേഷ് കെ. ചടങ്ങിൽ സ്വാഗതം പറഞ്ഞു. ചെയർമാൻ ജിസോ ബേബി അധ്യക്ഷത വഹിച്ചു. ആദ്യ ലോൺ വിതരണം ഇന്ത്യൻ നാഷണൽ വ്യാപാരി വ്യവസായി കോൺഗ്രസ് നാഷണൽ പ്രസിഡന്റ് പാളയം അശോകൻ നടത്തി. തിരുവനന്തപുരം കോർപ്പറേഷൻ കൗൺസിലർ ആതിര എൽ.എസ്. ആദ്യ നിക്ഷേപം സ്വീകരിച്ചു. സൊസൈറ്റി ജനറൽ മാനേജർ ധനഞ്ജയൻ പി.എസ്. നന്ദി പറഞ്ഞു. ജീവകാരുണ്യ പ്രവർത്തനത്തിന്റെ ഭാഗമായി നിർധനരായ 10 പേർക്ക് ധനസഹായവിതരണം നടത്തി. തിരുവനന്തപുരം ഉള്ളൂർ ജങ്ഷനിൽ ഓർത്തഡോക്സ് ചർച്ചിന് എതിർവശം തേജസ് ടവറിലാണ് മലങ്കര ക്രെഡിറ്റ് സൊസൈറ്റി ബ്രാഞ്ച് പ്രവർത്തിക്കുന്നത്.

പുതിയ ശ്രേണി വസ്ത്രങ്ങളുമായി വിന്റർഫീൽ ഗാർമെന്റ്സ് ഉദ്ഘാടനം നാളെ

തൃശൂർ: ഗുണമേന്മ കൊണ്ട് ജനപ്രിയമായ വിന്റർഫീൽ ഗാർമെന്റ്സ് പുതുതായി ഷർട്ടുകൾ, ലെഗിൻസ്, സ്ലിപ്സ്, മാക്സികൾ എന്നിവ കൂടി വിപണിയിലെത്തിക്കുന്നു. 25ന് വൈകിട്ട് 5.30 ന് തൃശൂർ കാസിനോ ഓഡിറ്റോറിയത്തിൽ സിനിമാതാരം ഹണിറോസ് വിന്റർഫീലിന്റെ പുതിയ ശ്രേണി വസ്ത്രങ്ങൾ അവതരിപ്പിക്കും. വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സര ഉദ്ഘാടനം ചെയ്യും. വിന്റർഫീൽ ഗാർമെന്റ്സ് ചെയർമാൻ കെ.വി. അബ്ദുൾ ഹമീദ് അധ്യക്ഷത വഹിക്കും.

വിന്റർഫീൽ മാനേജിങ് ഡയറക്ടർ എൻ.ആർ. വിനോദ് കുമാർ, ഡയറക്ടർമാരായ പി. പവിത്രൻ, വി.ടി. ജോർജ്, ജോയ് മൂത്തേടൻ, വ്യാപാരി വ്യവസായി ഏകോപന സമിതി വനിതാ വിങ് ജില്ലാ പ്രസിഡന്റ് ഷൈന ജോർജ് എന്നിവർ പ്രസംഗിക്കും. 2018 ൽ തൃശൂരിൽ സ്ഥാപിതമായ വസ്ത്രനിർമാണ സ്ഥാപനമായ വിന്റർഫീൽ ഗാർമെന്റ്സിന് ജില്ലയിൽ മൂന്ന് വസ്ത്ര നിർമാണ യൂണിറ്റുകളുണ്ട്. നിലവിൽ നൂറിലധികം വനിതകൾ ഇവിടെ ജോലിചെയ്തുവരുന്നു. രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതോടെ 500 ലധികം വനിതകൾക്ക് തൊഴിൽ നൽകാൻ കഴിയുമെന്ന് ചെയർമാൻ കെ.വി. അബ്ദുൾ ഹമീദ് പറഞ്ഞു. പത്രസമ്മേളനത്തിൽ മാനേജിങ് ഡയറക്ടർ എൻ.ആർ. വിനോദ്കുമാർ, വി.ടി. ജോർജ്, സെബാസ്റ്റ്യൻ മഞ്ഞളി എന്നിവരും പങ്കെടുത്തു.

പാസ്പോർട്ട് നഷ്ടപ്പെട്ടു
എന്റെ പേരിലുള്ള T 4864285 നമ്പർ കൊച്ചിയിൽ നിന്നും ഇഷ്യു ചെയ്ത പാസ്പോർട്ട് നടവരമ്പിൽ നിന്നും ഇരിങ്ങാലക്കുടയിലേക്കുള്ള യാത്രമധ്യേ നഷ്ടപ്പെട്ടു. കണ്ട് കിട്ടുന്നവർ ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷനിലോ, താഴെ കാണുന്ന വിലാസത്തിലോ അറിയിക്കുവാൻ അപേക്ഷ.
എന്ന്, ASHIK, S/O SHIBU, CHIRAYIL HOUSE, KALLAMKUNNU, NADAVARAMBA.P.O, VELOOKKARA, THRISSUR 680661.

BEFORE THE MOTOR ACCIDENTS CLAIMS TRIBUNAL PALAKKAD.
O.P. (M.V) 1784/2021
Fousiya KT : Petitioner
Vs
Abdul Hakkeem, S/o Muhammed, Perumannil, Karimpuzha PO, Pombra, Karakurussi, Palakkad Dt. PIN 678 595. : Respondent 1
Take notice that the above O.P. is posted for your appearance on 27.02.2024 at 11:00 am. If you fail to appear before the court on the above date and time, the case will be decided in your absence.
Dated this the 16th February 2024
S. MUJIB RAHMAN, ADVOCATE-PALAKKAD.

പാസ്പോർട്ട് നഷ്ടപ്പെട്ടു
കൊച്ചിൻ പാസ്പോർട്ട് ഓഫീസിൽ നിന്നും അനുവദിച്ച എന്റെ പാസ്പോർട്ട് (Y7592124, Dtd: 21/08/2023) യാത്രാമദ്ധ്യേ നഷ്ടപ്പെട്ടിരിക്കുന്നു. ആയത് കണ്ട് കിട്ടുന്നവർ താഴെ കാണുന്ന വിലാസത്തിൽ അറിയിക്കുവാൻ താത്പര്യപ്പെടുന്നു.
Anish Thomas, Mariya Cottage, Kundukandam, Pallikurup (P.O), Karakurissi, Palakkad-678593

CHANGE OF NAME
I, NANDHAKUMAR MALATHI HOLDER OF PASSPORT NUMBER L8400074 DO HEREBY CHANGE MY NAME TO MADHAVIKUTTY MALATHI

ബഹു: ചാവക്കാട് കൊമേഴ്സ്യൽ കോടതി മുമ്പാകെ
C.S 42/2023
ലെൻഡിങ്ങ് ട്രീ ഹയർ പർച്ചേസ്– അന്യായം
1. ചാവക്കാട് താലൂക്ക് എളവള്ളി വില്ലേജ് ചിറ്റാട്ടുക്കര ദേശത്ത് പുലിക്കോട്ടിൽ സെബി ഭാര്യ ആഗ്നസ് ജെനിഫർ
2. ചാവക്കാട് താലൂക്ക് എളവള്ളി വില്ലേജ് ചിറ്റാട്ടുക്കര ദേശത്ത് പുലിക്കോട്ടിൽ ഡേവി മകൻ സെബി
} 1,2 പ്രതികൾ
മേൽ നമ്പറിൽ 1,2 പ്രതികൾക്ക് സമൻസ് പതിച്ചു നടത്തുവാൻ കൽപ്പിച്ച് കേസ് 03.06.2024 ന് തീയതിക്ക് വിചാരണക്ക് വെച്ചിട്ടുള്ള വിവരം ഇതിനാൽ അറിയിച്ച് കൊള്ളുന്നു.
എന്ന്
അഡ്വ: ജിപ്സൺ ആന്റണി, തൃശ്ശൂർ

ബഹുമാനപ്പെട്ട ചാവക്കാട് സബ്ബ് കോടതി മുമ്പാകെ
Succession. O.P. 4/2024
1) രൂബേൻ C.J, 38 വയസ്സ്, S/o.യോയാബ്, ചെറുവത്തൂർ ഹൗസ്, പി.ഒ. അകതിയൂർ, പിൻ: 680519, പാറേമ്പാടം പോർക്കുളം വില്ലേജ്, കുന്നംകുളം താലൂക്ക്.
2) അബ്രഹാം C.J, 33 വയസ്സ്, S/o. യോയാബ്, ചെറുവത്തൂർ ഹൗസ്, പി. ഒ അകതിയൂർ, പിൻ:680519, പാറേമ്പാടം പോർക്കുളം വില്ലേജ്, കുന്നംകുളം താലൂക്ക്.
3) കെസിയ C.Y, 27 വയസ്സ്, D/o.യോയാബ്, ചെറുവത്തൂർ ഹൗസ്, പി.ഒ. അകതിയൂർ, എന്നവർക്കുവേണ്ടി അഭിഭാഷകനായ ജോജനും 2-ാം ഹർജിക്കാരനുമായ തോമസ് C.J
എതിർകക്കാരൻ
മരിച്ച യോയാബ് എന്നവരുടെ അവകാശികൾ എന്ന നിലയിൽ നടത്തുന്ന ഈ ഹർജി പട്ടികയിൽ ചേർക്കപ്പെട്ട കക്ഷികൾ പിരിച്ചെടുക്കുന്നതിനായി ഹർജിക്കാർക്കുവേണ്ടി രണ്ടാം ഹർജിക്കാരനെ കക്ഷിയാക്കി ഒരു പിൻതുടർച്ചാ സർട്ടിഫിക്കറ്റ് അനുവദിച്ചുകിട്ടാൻ ബോധിപ്പിച്ച മേൽ നമ്പർ ഹർജി 15.03.2024 തിയ്യതിക്ക് വെച്ചിരിക്കുന്നു. മേൽ കാര്യത്തിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ കോടതിയിൽ
എന്ന് 2024 ഫെബ്രുവരി മാസം 22-നു
ഹർജി ഭാഗം അഡ്വക്കേറ്റ് കെ.ഡി.വിനോജ്

നഷ്ടപ്പെട്ടു
എന്റെ ഭർത്താവ് രാമചന്ദ്രൻ എന്ന ചന്ദ്രന്റെ പിതാവ് വേലൻ എന്നവർക്ക് പഴയന്നൂർ സ.റ. ആഫീസ് വക 1950 ലെ പുസ്തകം 157 വാളിയം 227 മുതൽ 229 വരെ ഭാഗങ്ങളിൽ 189 നമ്പർ ഭാഗപത്രവും അതിനെ തുടർന്നുണ്ടായ 1962 ലെ മൂന്നാം പുസ്തകം 4